# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3483** — **15/07/2015-ൽ മറുപടിക്ക്**

## പകർച്ച വ്യാധികളുടെ വ്യാപനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ. ഇ.കെ.വിജയൻ**<br>**ശ്രീ. കെ. അജിത്** | **ശ്രീ. വി.എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് പനിയും പകർച്ച വ്യാധികളും പടർന്നുപിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പനിബാധിതരായി സർക്കാർ ആശുപത്രികളിൽ മാത്രം ദിനം പ്രതി എത്ര പേർ എത്തിച്ചേരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) എല്ലാ വർഷവും മഴക്കാലത്ത് സംസ്ഥാനത്ത് പനിയും പകർച്ചവ്യാധികളും കൂടുതലായി ഉണ്ടാകുന്നതുപോലെ ഇക്കൊല്ലവും ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഇത്തവണയും ചെയ്യുകയുണ്ടായി. റിപ്പോർട്ടുകൾ പ്രകാരം ജൂണിൽ ശരാശരി 9500 ഓളം പേരും ജൂലൈയിൽ ഇതുവരെ ശരാശരി 1100 ഓളം പേരും ദിവസേന ആശുപത്രികളിൽ പനി ബാധിച്ച് എത്തിയിട്ടുണ്ട്. ഇവർക്ക് വേണ്ട ചികിൽസയും പരിചരണവും നൽകിയിട്ടുണ്ട്. അതിനായി ആവശ്യാനുസരണം ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തി. |
| ബി) ഏതെല്ലാം തരത്തിൽപ്പെട്ട പനിയും പകർച്ച വ്യാധികളുമാണ് പടർന്നുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) വൈറൽപനി, ഡെങ്കിപ്പനി, എച്ച്1 എൻ.1 എന്നിവ എല്ലാ ജില്ലകളിലും ചില സ്ഥലങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. എലിപ്പനിയും മലമ്പനിയും ഒറ്റപ്പെട്ട രീതിയിൽ താരതമ്യേന കുറഞ്ഞ തോതിൽ എല്ലാ ജില്ലകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. സ് ക്രബ്ടൈഫസ് അഥവാ ചെള്ളുപനി തിരുവനന്തപുരം ജില്ലയിൽ നിന്നും |

കൂടുതൽ കേസുകളും, കോഴിക്കോട്, വയനാട്, മലപ്പുറം, കൊല്ലം ജില്ലകളിൽ നിന്നും ഒറ്റപ്പെട്ട കേസുകളും റിപ്പോർട്ട് ചെയ്തു. മഞ്ഞപ്പിത്തം-എ മലപ്പുറത്താണ് താരതമ്യേന കൂടുതൽ . പാലക്കാട്, തൃശ്ശൂർ, വയനാട്, കോഴിക്കോട് ജില്ലകളിലും കുറച്ച് മഞ്ഞപ്പിത്തം എ കേസുകൾ ഉണ്ട്. കുരങ്ങുപനി (കെ.എസ്.ഡി) വയനാട് ജില്ലയിൽ പൊട്ടിപ്പുറപ്പെട്ടുവെങ്കിലും ഇപ്പോൾ നിയന്ത്രണ വിധേയമായി. കാലാഅസർ രോഗം തൃശ്ശൂരിൽ ഒരാൾക്കും, മലപ്പുറത്ത് രണ്ടു പേർക്കും, ടൈഫോയ്ഡ് പാലക്കാട്, മലപ്പുറം, കൊല്ലം, വയനാട്, കോഴിക്കോട്, ജില്ലകളിലാണ് താരതമ്യേന കൂടുതൽ ഓരോ പ്രദേശത്തും രോഗ നിയന്ത്രണവും സമയബന്ധിതമായി നടപ്പിലാക്കുന്നു.

സി) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ വിവിധയിനം പനികളും പകർച്ച വ്യാധികളും പിടിപെട്ട് എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

സി) പട്ടിക അനുബന്ധം I ആയി ചേർക്കുന്നു.

ഡി) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം; ആവശ്യത്തിന് ഡോക്ടർമാരും, നഴ്സുമാരും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുകളും ഇല്ലാത്തതിനാൽ ആശുപത്രികളുടെ പ്രവർത്തനം പ്രതിസന്ധിയിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ അനുബന്ധം II-ൽ കാണാവുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് കേഡറിലേയും ജനറൽ കേഡറിലേയും സിവിൽ സർജൻ തസ്തിക, സ്പെഷ്യാലിറ്റി കേഡർ തസ്തികയിലെ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് ഒഴിവുകൾ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ നൽകുന്ന മുറയ്ക്ക് നിയമനം നൽകി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ

സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ജനറൽ കേഡറിലെ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളിൽ ജൂലൈ മാസത്തിൽ പഠനം പൂർത്തിയാക്കി വരുന്ന ഡോക്ടർമാർക്ക് നിയമന ഉത്തരവ് നൽകി വരുന്നു. പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിച്ച 47 ഉദ്യോഗാർത്ഥികളിൽ 10 പേർ മാത്രമാണ് 04/07/2015-ൽ നടത്തിയ കൗൺസിലിംഗിലൂടെ നിയമന ഉത്തരവ് നേടിയത്. ടി ഡോക്ടർമാരും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിയമിതരായിട്ടുണ്ട്. നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകളിലേയ്ക്ക് ആശുപത്രി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിലേയ്ക്കായി എൻ.ആർ.എച്ച്. എം മുഖേനയും, അഡ്ഹോക്ക് മുഖേനയും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്. ഹെഡ് നേഴ്സിന്റെ പ്രൊമോഷൻ നൽകുന്നതിനുള്ള നടപടിയും ആരംഭിച്ചു കഴിഞ്ഞു. ഹെഡ് നേഴ്സുമാരായി പ്രൊമോഷൻ നൽകുന്ന മുറയ്ക്ക് വരുന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 -ന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. ഇതു മൂലമുണ്ടാകുന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ ഒഴിവിലേക്ക് പി.എസ്.സി. മുഖേന നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II-ന് പ്രൊമോഷൻ നൽകി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-

1-ന്റെ ഒഴിവു നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. ജെ.പി. എച്ച്.എൻ ഗ്രേഡ്- II-ന്റെ ഒഴിവിലേക്ക് സൂപ്പർന്യൂമററി തസ്തികയിൽ നിന്നും പി.എസ്.സി. വഴിയും നിയമനം നൽകുന്നതാണ്. മറ്റ് ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നൽകുന്നതാണ്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II-ന്റെ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖേനയും നിയമനം നടത്തി ആശുപത്രികളുടെ പ്രവർത്തനത്തിന് തടസ്സം നേരിടാതെ സേവനം ഉറപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ